(സി) വർക്ക്സ്റ്റഡിയുടെ ഭാഗമായി ജൂനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക സീനിയർ സൂപ്രണ്ടിന്റെ തസ്തികയായി ഉയർത്തുന്നതിനും ഒരു ജൂനിയർ സൂപ്രണ്ടിന്റെയും അഞ്ച് ലോവർഡിവിഷൻ ക്ലർക്കിന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി.

(ഡി) ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

മങ്കട വള്ളിപ്പുറം അന്ധ വിദ്യാലയത്തിൽ പ്ലസ് ടു അനുവദിക്കൽ

112 (7079) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട വള്ളിപ്പുറം അന്ധവിദ്യാലയത്തിൽ പ്ലസ് ടു അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്ധവിദ്യാലയത്തിൽ പ്ലസ് ടു അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയുംപെട്ടെന്ന് ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പരിശോധിക്കുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂളുകളിൽ 2011-ൽ അധികമായി അനുവദിച്ച ബാച്ചുകൾ

113 (7080) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2011-ൽ അധികമായി ബാച്ചുകൾ അനുവദിക്കുകയുണ്ടായോ ; എങ്കിൽ എന്നുമുതൽ ;

(ബി) പ്രസ്തുത ബാച്ചുകളിലേക്ക് അധികമായുള്ള അദ്ധ്യാപക തസ്തിക എന്നുമുതൽക്കാണ് അനുവദിച്ച് ഉത്തരവായത് ;

(സി) അധികമായി അനുവദിച്ച ബാച്ചുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(ഡി) നിയമന നടപടികൾ അസാധുവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുതായി നിയമന നടപടികൾ നടത്താത്ത സാഹചര്യത്തിൽ ഇവരുടെ വേതനത്തിന് എന്തെങ്കിലും തീർപ്പ് കല്പിച്ച് നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) 3-8-2011-ലെ സ.ഉ.(കൈ) നമ്പർ167/11/ പൊവി. പ്രകാരം 2011-12 അധ്യയന വർഷം സർക്കാർ എയ്ഡഡ് മേഖലയിൽ 550 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി.

(ബി) സർക്കാർമേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 31-8-2013-ലെ സ.ഉ.(കൈ) നമ്പർ 246/13/പൊവി. പ്രകാരവും എയ്ഡഡ് മേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 15-7-2013-ലെ സ.ഉ.(കൈ) നമ്പർ.201/13 പൊവി. പ്രകാരവും അനുവദിക്കുകയുണ്ടായി.

(സി) അധികമായി അനുവദിച്ച ബാച്ചുകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുവരെ നിയമിക്കപ്പെട്ട ഗസ്റ്റ് അധ്യാപകർക്ക് വേതനം ലഭ്യമായിട്ടില്ല. സ്ഥിരനിയമനം നേടിയ അധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഇല്ല.

(ഡി) നിയമാനുസൃത നിയമനങ്ങൾ അസാധുവാക്കിയിട്ടില്ല.

(ഇ) ഗസ്റ്റ് അധ്യാപകർക്ക് വേതനം നൽകുന്നത് സംബന്ധിച്ച് ഹയർസെക്കണ്ടറി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്ലസ് ടു സീറ്റുകൾ

114 (7081) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ആകെ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ; എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് ടു പഠനയോഗ്യത നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണവും ജില്ലതിരിച്ച് അറിയിക്കുമോ ;

(ബി) പ്ലസ് ടു പഠനയോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതിന് മതിയായ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ശേഷിക്കുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യം നിർവ്വഹിക്കുവാൻ എന്തു നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014-15 അധ്യയന വർഷം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള പ്ലസ് ടു സീറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ചേർക്കുന്നു. 2014 മാർച്ചിൽ എസ്/എസ്/എൽ/സി. പാസ്സായ കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly